ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 19-02-2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. രാജ്യം എ ഐ രംഗത്തു നടത്തുന്ന മുന്നേറ്റങ്ങൾ ഇന്ത്യയെ ആഗോള നേതൃ നിരയിലേക്ക് ഉയർത്തുന്നതായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   **Vice President C.P. Radhakrishnan stated that the strides made by the country in the field of AI are elevating India to a position of global leadership.**

2. മാനുഷിക മൂല്യങ്ങളിൽ അധിഷ്ഠിതമായ എ ഐ ഭാവി കെട്ടിപ്പടുക്കണമെന്ന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി, എ ഐ ഇംപാക്ട് ഉച്ചകോടിയോട് അനുബന്ധിച്ച് വിവിധ ലോക നേതാക്കളുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച്ച നടത്തി.

   **Prime Minister Narendra Modi called for building an AI future incorporating human values. On the sidelines of the AI Impact Summit, the Prime Minister held meetings with various world leaders.**

3. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ രണ്ട് ദിവസത്തെ അസം സന്ദർശനത്തിന് നാളെ തുടക്കമാകും, വൈബ്രന്റ് വില്ലേജസ് പ്രോഗ്രാം രണ്ടാം ഘട്ടത്തിന് തുടക്കം കുറിക്കും.

   **Union Home Minister Amit Shah's two-day visit to Assam will begin tomorrow. He will launch the second phase of the Vibrant Villages Programme.**

4. കേരളത്തിൽ എസ് ഐ ആറുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം നാളെ. അന്തിമ വോട്ടർ പട്ടിക മറ്റന്നാൾ.

   **A meeting of political party representatives will be held in Kerala tomorrow under the leadership of the Chief Electoral Officer regarding the SIR. The final electoral roll will be published the day after tomorrow.**

5. കേരളത്തിൽ പകൽ താപനില വർധിക്കുന്ന സാഹചര്യത്തിൽ ജാഗ്രതാ നിർദ്ദേശവുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

   **The State Disaster Management Authority has issued a cautionary warning in view of the rising daytime temperatures in Kerala.**

6. രണ്ടാം വനിതാ ട്വൻറി-20 യിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 19 റൺസ് ജയം, ഐ സി സി 20-20 പുരുഷ ക്രിക്കറ്റ് ലോകകപ്പിൽ ശ്രീലങ്കക്കെതിരെ സിംബാബ് വേയ്ക്ക് ആറ് വിക്കറ്റ് ജയം.

   **Australia won by 19 runs against India in the second Women's T20. In the ICC Men's T20 Cricket World Cup, Zimbabwe defeated Sri Lanka by six wickets.**

&&&&&&&&&&&&&&&&&&

## AI -PM - INAUGURATION

പുത്തൻ സാങ്കേതിക വിദ്യ വികസിപ്പിക്കുക മാത്രമല്ല, ഇന്ത്യ അത് പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ ഇന്ത്യ എ ഐ ഇംപാക്ട് ഉച്ചകോടി ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ലോകത്തിലെ ഏറ്റവും വിപുലവും ഐതിഹാസികവുമായ നിർമ്മിത ബുദ്ധി ഉച്ചകോടി സംഘടിപ്പിക്കാൻ സാധിച്ചത് അഭിമാനമാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## REV PM-AI SUMMIT PLENERY (INTRO)

മാനുഷിക മൂല്യങ്ങൾ ഉൾക്കൊണ്ട്, എല്ലാവരേയും ഉൾച്ചേർത്ത് ,നവീകരണത്തിൽ അധിഷ്ഠിതമായ എ ഐ ഭാവിയാണ് സൃഷ്ടിക്കേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഡൽഹിയിൽ നടക്കുന്ന ഇന്ത്യ AI ഇംപാക്റ്റ് ഉച്ചകോടിയിൽ ലീഡേഴ്സ് പ്ലീനറിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യയും പരസ്പരവിശ്വാസവും കൈകോർക്കുമ്പോൾ, നിർമ്മിതബുദ്ധിയുടെ വ്യക്തമായ സ്വാധീനം ദൃശ്യമാകുമെന്നും ശ്രീ മോദി പറഞ്ഞു. നിർമ്മിതബുദ്ധി, മനുഷ്യരാശിയുടെ പ്രയോജനത്തിനായുള്ള ഇന്ത്യയുടെ വ്യക്തമായ കാഴ്ചപ്പാടാണ് പ്രതിഫലിപ്പിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.
(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&

## VP- AI SUMMIT

ഇന്ത്യയുടെ എ ഐ രംഗത്തെ മുന്നേറ്റങ്ങൾ, പരിവർത്തനാത്മക സാങ്കേതികവിദ്യയുടെ ഭാവി രൂപപ്പെടുത്തുന്നതിൽ രാജ്യത്തെ ആഗോള നേതാവാക്കി ഉയർത്തുന്നതായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. എഐ ഇംപാക്ട് ഉച്ചകോടിയിലെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അഭിസംബോധന, നിർമ്മിതബുദ്ധിയോടുള്ള രാജ്യത്തിൻറെ ദീർഘവീക്ഷണവും ഉത്തരവാദിത്ത സമീപനത്തെ കുറിക്കുന്നതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## REV. PM-BILATERAL MEETINGS 2026 (INTRO)

ന്യൂഡൽഹിയിൽ പുരോഗമിക്കുന്ന ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയോട് അനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി വിവിധ ലോക നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തി. വിശദാംശങ്ങളിലേക്ക്...
(വോയ്സ്)

&&&&&&&&&&&&&&&&&

## SC-FREEBIES CULTURE

രാജ്യത്തെ "സൗജന്യ വിതരണ സംസ്കാരം" സാമ്പത്തിക വികസനത്തെ തടസ്സപ്പെടുത്തുന്നതായി സുപ്രീം കോടതി . പല സംസ്ഥാനങ്ങളും റവന്യൂ കമ്മിയിലാണെങ്കിലും വികസനത്തിന് മുൻഗണന നൽകുന്നതിന് പകരം സൗജന്യ വിതരണങ്ങൾ ചെയ്യുകയാണെന്ന് കോടതി വിമർശിച്ചു . സൗജന്യ വിതരണങ്ങൾക്ക് പകരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് സംസ്ഥാനങ്ങൾ ശ്രമിക്കേണ്ടതെന്ന് കോടതി നിരീക്ഷിച്ചു .

&&&&&&&&&&&&&&&&&

## REV. AMIT SHAH-ASSAM VISIT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ രണ്ട് ദിവസത്തെ അസം സന്ദർശനത്തിന് നാളെ തുടക്കമാകും. സുരക്ഷ, അതിർത്തി മേഖലയിലെ വികസനം, പ്രാദേശിക പുരോഗതി തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി കൊണ്ടായിരിക്കും കേന്ദ്രമന്ത്രിയുടെ സന്ദർശനം. ഇന്തോ - ബംഗ്ലാദേശ് അതിർത്തി പ്രദേശത്തെ നാഥൻപുർ ഗ്രാമം സന്ദർശിക്കുന്ന ശ്രീ അമിത് ഷാ സുരക്ഷ മുന്നൊരുക്കങ്ങൾ വിലയിരുത്തും. സിൽചാറിൽ Vibrant Villages Programme ന്റെ രണ്ടാം ഘട്ടത്തിനും കേന്ദ്ര ആഭ്യന്തര മന്ത്രി തുടക്കമിടും.

&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഞായറാഴ്ച. പരിപാടിയുടെ 131-ാാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

&&&&&&&&&&&&&&&&&

## S I R

കേരളത്തിൽ എസ് ഐ ആറുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം നാളെ ചേരും. രാവിലെ 11 മണിക്ക് തിരുവനന്തപുരത്താണ് യോഗം. അംഗീകൃത ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. അതെസമയം, അന്തിമ വോട്ടർ പട്ടിക മറ്റന്നാൾ പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&

## MINERALS-KISHAN REDDY (INTRO)

ആഗോള സമ്പദ്‌വ്യവസ്ഥയെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക ധാതുക്കൾ സുപ്രധാന പങ്കുവഹിക്കുന്നതായി കേന്ദ്രമന്ത്രി ജി. കിഷൻ റെഡ്ഡി. ന്യൂഡൽഹിയിൽ നടന്ന 'ഇന്ത്യൻ ക്രിട്ടിക്കൽ മിനറൽസ് ലാൻഡ്സ്കേപ്പ് രണ്ടാം പതിപ്പിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സോളാർ , ലിഥിയം, കോപ്പർ അധിഷ്ഠിത സാങ്കേതികവിദ്യകൾ തുടങ്ങിയ വളർന്നുവരുന്ന മേഖലകളുടെ നട്ടെല്ലാണ് നിർണ്ണായക ധാതുക്കൾ എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു .

(വോയ്സ്)

&&&&&&&&&&&&&&&&&

## UV KERALA

കേരളത്തിൽ പകൽ താപനില വർധിക്കുന്നതിനൊപ്പം അൾട്രാവയലറ്റ് സൂചിക ഉയരുന്നതിൻറെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി . പകൽ 10 മുതൽ 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം. കടലിലും ഉൾനാടൻ മൽസ്യബന്ധനത്തിലും ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ, രോഗപ്രതിരോധശേഷി കുറഞ്ഞ ആളുകൾ തുടങ്ങിയവർ പ്രത്യേകം ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

&&&&&&&&&&&&&&&&&

## RAIN – KERALA

കേരളത്തിലെ വിവിധ ജില്ലകളിൽ ഈ മാസം 21, 22 തീയതികളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. 21 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലും 22 ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലുമാണ് ജാഗ്രതാനിർദ്ദേശമുള്ളത്. കേരളത്തിൽ ഇന്നും നാളെയും നേരിയ മഴയ്ക്ക് സാധ്യതയുള്ളതായും വകുപ്പ് അറിയിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

## WOMENS CRICKET

ഓസ്ട്രേലിയയിലെ കാൻബറയിൽ നടന്ന രണ്ടാം വനിതാ ട്വന്റി-20 യിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 19 റൺസ് ജയം. ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ 5 വിക്കറ്റ് നഷ്ടത്തിൽ 163 റൺസ് നേടി. ഇന്ത്യക്ക് 20 ഓവറിൽ 9 വിക്കറ്റിന് 144 റൺസെടുക്കാനേ ആയുള്ളൂ.

&&&&&&&&&&&&&&&&&

## CRICKET

ICC പുരുഷ ടി20 ലോകകപ്പിൽ ഇന്നത്തെ രണ്ടാം മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ സിംബാബ്‌വെക്ക് 6 വിക്കറ്റ് ജയം. ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 178 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ സിംബാബ്‌വെ 19.3 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 182 റൺ നേടി . ഇന്ന് നടക്കുന്ന മൂന്നാമത്തെ മത്സരത്തിൽ ടോസ് നേടിയ കാനഡ അഫ്ഗാനിസ്ഥാനെ ബാറ്റിംഗിനയച്ചു.

&&&&&&&&&&&&&&&&&

## KERALA GOVERNOR

സർവകലാശാല അധ്യാപക നിയമനങ്ങൾക്കുള്ള സെലക്ഷൻ കമ്മിറ്റിയിൽ യുജിസി ചട്ട പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ഗവർണറുടെ പ്രതിനിധിയെ നിയമിക്കുന്നത് സംബന്ധിച്ച് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഗവർണർ ഉത്തരവിട്ടു.

സംസ്ഥാനത്തെ എല്ലാ വിസി മാർക്കും ഗവർണറുടെ ഉത്തരവ് പ്രകാരം ലോക് ഭവൻ കത്ത് അയച്ചു.

&&&&&&&&&&&&&&&&&&

## DRDO-DROGUE PARACHUTE

ചണ്ഡീഗഢിൽ ഗഗൻയാൻ ദൗത്യത്തിനായുള്ള ഡ്രോഗ് പാരഷൂട്ടിന്റെ **ക്വാളിഫിക്കേഷൻ ലെവൽ ലോഡ് ടെസ്റ്റ്** DRDO വിജയകരമായി പൂർത്തിയാക്കി. സാധാരണ ഫ്ലൈറ്റ് ലോഡുകളേക്കാൾ ഉയർന്ന ലോഡുകൾ ഉപയോഗിച്ച് നടത്തിയ ഈ പരീക്ഷണം, പാരഷൂട്ട് രൂപകൽപ്പനയിലെ അധിക സുരക്ഷാ മാനദണ്ഡങ്ങൾ തെളിയിക്കുന്നതാണെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## SABARIMALA

ശബരിമല സ്വർണഅപഹരണ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡൻ്റ് എ. പത്മകുമാറിൻ്റെ ജാമ്യഹർജിയിൽ കൊല്ലം വിജിലൻസ് കോടതി നാളെ വിധി പറയും. കട്ടിളപ്പാളി കേസിൽ അറസ്റ്റിലായി 90 ദിവസം കഴിഞ്ഞിട്ടും പ്രത്യേക അന്വേഷണസംഘം കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യത്തിൽ സ്വാഭാവിക ജാമ്യം തേടിയാണ് പത്മകുമാർ ഹർജി നൽകിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## CM - KERALA

മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനായി സർക്കാർ ഒരുക്കുന്ന വയനാട് മാതൃകാ ടൗൺഷിപ്പിൻ്റെ ഒന്നാംഘട്ടം പൂർത്തിയായി. ഈ മാസം 25 ന് എൽസ്റ്റൺ എസ്റ്റേറ്റിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. ഗുണഭോക്താക്കൾക്കുള്ള പട്ടയ വിതരണവും മുഖ്യമന്ത്രി നിർവഹിക്കും. ടൗൺഷിപ്പിന്റെ ഒന്നാംഘട്ടത്തിൽ 178 വീടുകളാണ് പൂർത്തിയായത്.

&&&&&&&&&&&&&&&&&&

## SENSEX + GOLD

ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,236 പോയിൻറ് താഴ്ന്ന് 82 ആയിരത്തി 498 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 365 പോയിൻറ് ഇടിഞ്ഞ് 25 ആയിരത്തി 454 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില വർധിച്ചു. ഗ്രാമിന് 70 രൂപ വർധിച്ച് 14,415 രൂപയും പവന് 560 രൂപ വർധിച്ച് 1,15,320 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&